പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4142 16.03.2017-ലെ മറുപടി

ഗാർഹിക കടിവെള്ള കണക്ഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>,, ഹൈബി ഈഡൻ<br>,, വി.ഡി.സതീശൻ<br>,, അടൂർ പ്രകാശ് | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ഗാർഹിക കടിവെള്ള കണക്ഷനുകൾ നൽകുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | എ കണക്ഷൻ എടുക്കുന്നതിനു വേണ്ടിയുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ടി 2013-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം കണക്ഷൻ നല്കുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. വാട്ടർ കണക്ഷനുകൾക്ക വേണ്ടിയുള്ള അപേക്ഷകൾ ഓൺ ലൈൻ വഴി സമർപ്പിക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലംബർമാർ മുഖേനയല്ലാതെ അതോറിറ്റി വഴി നേരിട്ട് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യവുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എസ്.സി., എസ്.റ്റി., ബി.പി.എൽ എന്നീ വിഭാഗക്കാർക്ക് കടിവെള്ള കണക്ഷൻ നല്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുകയും അതനുസരിച്ച് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നു. |
| ബി ഒരു വർഷത്തിനുള്ളിൽ നൽകുന്ന ഗാർഹിക കണക്ഷനുകളിൽ എത്രമാത്രം വർദ്ധനവുണ്ടാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; വിവരിക്കാമോ;<br>സി ഈ പ്രഖ്യാപനത്തിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ബി യും സി യും 15 ശതമാനം വർദ്ധനവ് ഉണ്ടാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഗാർഹിക കണക്ഷൻ നല്കുന്ന കാര്യത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് കൂടുതൽ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കടിവെള്ള കണക്ഷന്റെ വർദ്ധനവ് സംബന്ധിച്ച് ഡിവിഷൻ തലത്തിൽ റവന്യൂ മീറ്റിംഗിലും, സർക്കിൾ തലത്തിൽ ടാസ്ക് ഫോഴ്സ് മീറ്റിംഗിലും, ഹെഡ് ഓഫീസ് തലത്തിലെ മീറ്റിംഗുകളിലും അവലോകനം ചെയ്യുകയും തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ